VERAPOLY
ARCHDIOCESAN GAZETTE
വരാപ്പുഴ അതിരൂപതാ ഗസറ്റ്

VOL. LIV - JK 108 | 2026 SEPTEMBER 15 | No. 12

PASTORAL LETTER
ജപമാലഭക്തി

യേശുവിൽ പ്രിയ സഹോദരവൈദികരേ,
സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,

നമുക്ക് ഏറ്റവും പ്രിയപ്പെട്ട ഒക്ടോബർ മാസം ആഗതമാകുകയാണ്. ജപമാലയിലെ മുത്തുമണികൾപോലെ, സ്നേഹത്തിന്റെ നൂലിൽ കോർക്കപ്പെട്ട മുത്തുകളായി നാം കുടുംബങ്ങളിലും ദൈവാലയങ്ങളിലും സന്ന്യാസഭവനങ്ങളിലും സാഘോഷമായി ജപമാല ചൊല്ലി പ്രാർഥിക്കുന്ന പുണ്യമാസം.

പരിശുദ്ധമറിയത്തോടുള്ള നമ്മുടെ സ്നേഹവും ഭക്തിയും ആദരവും പ്രകടിപ്പിക്കാനും മാധ്യസ്ഥ്യവും സംരക്ഷണവും യാചിക്കാനും ഏറ്റവും ശ്രേഷ്ഠവും ഫലദായകവും പരിശുദ്ധ അമ്മയ്ക്ക് ഏറ്റവും പ്രീതികരവുമായ പ്രാർഥനയാണ് ജപമാല. നാം അനുദിനം ജപമാല ചൊല്ലി പ്രാർഥിക്കുന്നവരാണെങ്കിലും ജപമാലഭക്തിയിൽ കുറെക്കൂടി ആഴപ്പെടാനും ജപമാലപ്രാർഥന ചൊല്ലിക്കൊണ്ട് സ്വർഗീയമായ അനു

ഗ്രഹങ്ങൾ പ്രാപിക്കുവാനുമുള്ള അവസരമാണ് ഒക്ടോബർ മാസത്തിൽ നമുക്ക് ലഭിക്കുന്നത്. കുഞ്ഞുനാൾ മുതൽ നാം ഹൃദയത്തിൽ സൂക്ഷിക്കുന്ന ഒരു പ്രാർഥനാനുഭവമാണിത്. നമ്മുടെ അപ്പൂപ്പന്മാരോടും അമ്മൂമ്മമാരോടും മാതാപിതാക്കളോടുമൊപ്പം നന്നേ വെളുപ്പിനും സായം കാലങ്ങളിലും പ്രത്യേക കൊന്തനമസ്കാരത്തിൽ പങ്കെടുക്കാൻ ദൈവാലയങ്ങളിലേക്ക് പോയ ഓർമ്മകൾ നമുക്ക് വീണ്ടെടുക്കാം. വിശുദ്ധമായ ഈ പാരമ്പര്യത്തിന്റെ സമ്പന്നമായ പൈതൃകത്തിന്റെ തനിമ ഒട്ടും ചോർന്നുപോകാതെ പുതു തലമുറയ്ക്ക് പകർന്നുകൊടുക്കാൻ നമുക്ക് പരിശ്രമിക്കാം. ക്രൈസ്തവ വിശ്വാസത്തിന്റെ മഹത്തായ സാക്ഷ്യമാണിത് എന്ന കാര്യം നാം ഒരിക്കലും വിസ്മരിക്കരുത് എന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.

ലോകസമാധാനത്തിനുവേണ്ടി പ്രാർഥിച്ചുകൊണ്ട് അനുദിനം ജപമാല ചൊല്ലി പ്രാർഥിക്കണമെന്ന് പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ നമ്മെ നിരന്തരം ഓർമ്മപ്പെടുത്തുന്നു. സമാധാനത്തിന്റെ രാജ്ഞിയായ പരിശുദ്ധ കന്യകാമറിയത്തിന്റെ ശക്തമായ മാധ്യസ്ഥ്യത്താൽ ഇന്ന് പശ്ചിമേഷ്യയിലും മറ്റും നിലനിൽക്കുന്ന സംഘർഷങ്ങളും യുദ്ധഭീതിയും ഒഴിഞ്ഞ് ലോകത്ത് സമാധാനം പുനഃസ്ഥാപിക്കപ്പെടുന്നതിനും മനുഷ്യരാശിയുടെ മഹത്വത്തിന് പ്രാധാന്യം നൽകുന്ന സമീപനങ്ങൾ രാഷ്ട്രനേതാക്കളിൽ നിന്നും ഭരണകൂടങ്ങളിൽ നിന്നും ഉണ്ടാകുന്നതിനും വേണ്ടി ഈ ഒക്ടോബർ മാസത്തിൽ നമുക്ക് ജപമാല ചൊല്ലി പ്രാർഥിക്കാം. 12, 13 നൂറ്റാണ്ടുകളിൽ കത്തോലിക്കാ സഭയുടെ പ്രധാനപഠനങ്ങളെയും വിശ്വാസസംഹിതകളെയും നിഷേധിച്ച ആൽബിജെൻസിയൻ പാഷണ്ഡതയെ തോൽപ്പിക്കുന്നതിന് ജപമാല ചൊല്ലി പ്രാർഥിക്കുവാൻ വിശുദ്ധ ഡൊമിനിക്കിന് പ്രത്യക്ഷപ്പെട്ട് നിർദ്ദേശം നൽകിയതും എങ്ങിനെ ജപമാല ചൊല്ലി പ്രാർഥിക്കണമെന്ന് പഠിപ്പിച്ചതും പരിശുദ്ധ അമ്മ തന്നെയാണ്. വിശുദ്ധ ഡൊമിനിക്കും അദ്ദേഹം സ്ഥാപിച്ച പ്രഭാഷകസഭയിലെ അംഗങ്ങളും ജപമാലഭക്തിയുടെ പ്രചാരകരായി. തുടർന്നുള്ള നൂറ്റാണ്ടുകളിൽ പലവിധ അബദ്ധസിദ്ധാന്തങ്ങളാലും അനേകം യുദ്ധങ്ങളാലും ധാർമ്മിക അധഃപതനങ്ങളാലും സഭ ഞെരുക്കപ്പെട്ടപ്പോഴെല്ലാം പാപ്പാമാരും വിശുദ്ധരും ആശ്രയം തേടിയത് പരിശുദ്ധ ജപമാല പ്രാർഥനയിലാണ്.

1571-ൽ കൊറിന്ത് ഉൾക്കടലിൽ നടന്ന നാവികയുദ്ധത്തിൽ യൂറോപ്പുമുഴുവൻ അന്ധവിശ്വാസത്തിന്റെയും കിരാതത്വത്തിന്റെയും ഇടമാക്കാൻ വേണ്ടി വിപുലമായ സൈനിക ശക്തിയോടെ വന്ന ഓട്ടോമൻ സാമ്രാജ്യശക്തിയെ താരതമ്യേന അശക്തരായിരുന്ന ക്രിസ്ത്യൻ സൈന്യത്തിന് തോൽപ്പിക്കാൻ സാധിച്ചത് വിശുദ്ധ പീയൂസ് അഞ്ചാമൻ പാപ്പായുടെ നേതൃത്വത്തിൽ സഭ ഒരു കുടുംബമായി തുടർച്ചയായി ജപമാല ചൊല്ലി പരിശുദ്ധ മറിയത്തിന്റെ പ്രത്യേക സംരക്ഷണം തേടിയതുകൊണ്ട് മാത്രമായിരുന്നു. ആ വിജത്തിന്റെ ഓർമ്മയ്ക്കായി 'വിജയമാതാവിന്റെ' ബഹുമാനാർഥം ഒരു തിരുനാൾ ആഘോഷിക്കണമെന്ന് 5-ാം പീയൂസ് പാപ്പാ ആഗ്രഹിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമിയായി വന്ന ഗ്രിഗരി 13-ാമൻ പാപ്പാ ആ തിരുനാൾ 'പരിശുദ്ധ ജപമാല'യുടെ തിരുനാളായി സഭയിൽ സ്ഥാപിക്കുകയും, ഒക്ടോബർ 7-ാം തീയതി തിരുനാൾ ദിനമായി നിർദ്ദേശിക്കുകയും ചെയ്തു. പിന്നീട് 'ജപമാലയുടെ പാപ്പാ' എന്നറിയപ്പെടുന്ന ലിയോ 13-ാമൻ പാപ്പാ ഒക്ടോബർ മാസം മുഴുവൻ പരിശുദ്ധ ജപമാല രാജ്ഞിയ്ക്ക് പ്രതിഷ്ഠിച്ചു. അങ്ങിനെയാണ് ഒക്ടോബർ മാസം മുഴുവൻ സാഘോഷം ജപമാല ചൊല്ലി പ്രാർഥിക്കുന്ന രീതിക്ക് ആരംഭം കുറിച്ചത്. സ്നേഹമുള്ളവരേ, വിശുദ്ധമായ ഈ പാരമ്പര്യം നമുക്ക് ഭക്തിപൂർവ്വം തുടരാം.

നാം കുടുംബങ്ങളിൽ ഒരുമിച്ചിരുന്ന് ജപമാല ചൊല്ലി പ്രാർഥിക്കുമ്പോഴുണ്ടാകുന്ന ഫലത്തെക്കുറിച്ച് മരിയ ഭക്തനായ 12-ാം പീയൂസ് പാപ്പാ പറയുന്നത് ഇപ്രകാരമാണ്. 'മാതാപിതാക്കളും മക്കളും ഹൃദയ ഐക്യത്തോടെ കന്യകമാതാവിന്റെ രൂപത്തിനുമുമ്പിൽ ഒരുമിച്ചുകൂടി ജപമാല ചൊല്ലുന്നു. അത് അവിടെ സന്നിഹിതരല്ലാത്തവരും മരണമടഞ്ഞവരുമായ അംഗങ്ങളോടും അവരെ ഐക്യപ്പെടുത്തുന്നു. പരിശുദ്ധ കന്യക, സ്നേഹപൂർണ്ണയായ ഒരമ്മയെപ്പോലെ തന്റെ മക്കളുടെ മധ്യത്തിൽ സന്നിഹിതരായിരിക്കും. അപ്പോൾ ക്രൈസ്തവ കുടുംബം നസ്രത്തിലെ തിരുക്കുടുംബം പോലെ വിശുദ്ധിയുടെ കേന്ദ്രമായിത്തീരും, അത് ഒരു വിശുദ്ധ ദൈവാലയമായി മാറും.' അങ്ങനെ ഒരു കുടുംബമായി ഒരുമിച്ചിരുന്ന് ജപമാല ചൊല്ലുന്ന നമ്മുടെ കുടും

ബങ്ങൾ വിശുദ്ധ ദൈവാലയങ്ങളായി രൂപാന്തരപ്പെടട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

'ജപമാലയുടെ അപ്പോസ്തലൻ' എന്നറിയപ്പെടുന്ന വാഴ്ത്തപ്പെട്ട ബർത്തലേ ലോംഗോയുടെ ഹൃദയസ്പർശിയായ പ്രാർഥനയോടെ ഞാൻ ഉപസംഹരിക്കുകയാണ് - മറിയത്തിന്റെ വാഴ്ത്തപ്പെട്ട ജപമാലയെ, ഞങ്ങളെ ദൈവത്തോട് ഐക്യപ്പെടുത്തുന്ന ചങ്ങലയെ, മാലാഖമാരോട് ഞങ്ങളെ ഒന്നിപ്പിക്കുന്ന സ്നേഹബന്ധനമെ, ജപമാലരാജ്ഞീ, ഏറ്റവും പ്രിയപ്പെട്ട അമ്മേ, പാപികളുടെ സങ്കേതമേ, പീഡിതരുടെ ആശ്വാസമെ, ഞങ്ങളുടെ അവസാനവാക്ക് മധുരിക്കുന്ന നിന്റെ നാമം ആയിരിക്കും. നീ എല്ലായിടത്തും, ഭൂമിയിലും സ്വർഗത്തിലും വാഴ്ത്തപ്പെട്ടവളാകട്ടെ, ഇന്നും എപ്പോഴും ആമ്മേൻ!

എനിക്ക് നിങ്ങളോടുള്ള പൈതൃക സ്നേഹത്തിന്റെ അടയാളമായി പിതാവിന്റേയും, പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്,
2026 സെപ്തംബർ 15-ാം തീയതി,

✠ജോസഫ് കളത്തിപ്പറമ്പിൽ
വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

N.B.: **ഈ ഇടയലേഖനം 2026 സെപ്തംബർ 27-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.**